LIBRARY ARCHIVES Kerala Legislative Assembly

കണ്ണനല്ലൂർ പോലീസ് സ്റ്റേഷൻ സ്ഥാപിക്കൽ

40 [40] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കോവിൽവട്ടം വില്ലേജിൽ, കണ്ണനല്ലൂർ കേന്ദ്രമാക്കി ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കണമെന്ന ജനങ്ങളുടെ ആവശ്യം അംഗീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ;

(ബി) ഇരവിപുരം നിയോജകമണ്ഡലത്തിൽപ്പെട്ട നാല് പഞ്ചായത്ത് പ്രദേശങ്ങളിലും കോർപ്പറേഷന്റെ ഭാഗമായ ഇരവിപുരം വടക്കേവിള എന്നിവിടങ്ങളിലും പോലീസ് സ്റ്റേഷൻ ഇല്ല എന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇരവിപുരത്ത് നിലവിലുള്ള എയിഡ് പോലീസ് സ്റ്റേഷൻ പോലീസ് സ്റ്റേഷനായി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊട്ടിയം പോലീസ് സ്റ്റേഷനിൽനിന്നും മൂന്നു കിലോമീറ്റർ അകലെ മാത്രം സ്ഥിതിചെയ്യുന്ന കണ്ണനല്ലൂരിൽ ഒരു പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കേണ്ട ആവശ്യകത കാണുന്നില്ല.

(ബി) നിലവിലുള്ള പോലീസ് ഔട്ട് പോസ്റ്റുകൾ അപ്ഗ്രേഡ് ചെയ്ത് പോലീസ് സ്റ്റേഷൻ ആക്കുന്നത് സംബന്ധിച്ച് ലഭിച്ച പ്രൊപ്പോസലിൽ ഇരവിപുരം എയ്ഡ് പോലീസ് സ്റ്റേഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ നിർദ്ദേശം പരിശോധിച്ചു വരുന്നു.

അരുവിക്കരയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി

41 [41] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ അരുവിക്കര ആസ്ഥാനമായി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഈ സാമ്പത്തികവർഷം തന്നെ പ്രസ്തുത പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി പുതുക്കിയ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ ഡി.ജി.പി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് ലഭിക്കുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.